പ്രതിവാരം
സീതി

# ഉറങ്ങുന്ന സിംഹം മൈലാഞ്ചിയിടുമ്പോൾ

**വിദ്യാഭ്യാസരംഗത്ത്** മലബാർ മേഖല നേരിടുന്ന അവഹേളനപരമായ വിവേചനം ആരാലും ശ്രദ്ധിക്കപ്പെടാതെ രൂക്ഷമായപ്പോഴാണ് എസ്.ഐ.ഒ പ്രവർത്തകർ 'മലബാറെന്താ കേരളത്തിലല്ലേ' എന്ന ചോദ്യമുയർത്തിയത്. വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയും തിരു-കൊച്ചി മേഖലയും തമ്മിൽ നിലനിൽക്കുന്ന കനത്ത വിവേചനം കണക്കുകളുടെ പിൻബലത്തോടെ അവർ പുറത്തുകൊണ്ടുവന്നു. ന്യായവും പ്രസക്തവുമായ ഈ മുദ്രാവാക്യം സ്വാഭാവികമായും സമൂഹത്തിൽ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. മത-മതേതര മേഖലയിലെ സംഘടനകളെല്ലാം ആ മുദ്രാവാക്യം ഏറ്റെടുക്കുകയും മലബാറിനോട് കാണിക്കുന്ന വിദ്യാഭ്യാസ അവഗണനക്കെതിരെ സമരം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 'പാലക്കാട് മുതൽ വടക്കോട്ടുള്ള ജില്ല' കളോട് കാണിക്കുന്ന അവഗണന പരിഹരിക്കണമെന്ന് ശാസ്ത്ര സാഹിത്യ പരിഷത്ത് ആവശ്യപ്പെട്ടപ്പോൾ എസ്.എഫ്. ഐയുടെ അവകാശപത്രികയിൽ വരെ മലബാറിനോടുള്ള അവഗണന സ്ഥാനം പിടിച്ചു. മുജാഹിദുകളും സുന്നികളും ജനതാദളുകളും വരെ ഈ വിഷയത്തിൽ പലവിധത്തിൽ പ്രതികരിച്ചു. കൂട്ടത്തിൽ ഒരു കൂട്ടർ മാത്രം മിണ്ടാതെ നിന്നത് മാലോകർ ശ്രദ്ധിച്ചുവോ? മലബാർ മേഖലയുടെ, മലപ്പുറത്തിന്റെ, പിന്നാക്ക മേഖലകളുടെ പെറ്റമ്മയും പോറ്റമ്മയും എല്ലാമെല്ലാമായ സാക്ഷാൽ മുസ്‌ലിം ലീഗ് മാത്രം ഒന്നും മിണ്ടിയില്ല. എം.എസ്.എഫുകാർ ഒരു ധർണ പോലും നടത്തിയില്ല. യൂത്ത് ലീഗിനെ കണ്ടതേ ഇല്ല.

എന്തു പറ്റി ലീഗിന്? ലീഗ് പ്രതിനിധാനം ചെയ്യുന്ന ജനസമൂഹം തിങ്ങിപ്പാർക്കുന്ന പ്രദേശത്തോട് കാണിക്കുന്ന അവഗണനക്കെതിരെ ലീഗ് മാത്രം മിണ്ടാതിരിക്കുന്നതെന്ത്? ഏതൊരാൾക്കും ന്യായമായും ആകാവുന്ന സംശയം മാത്രം. ചോദിക്കുന്നവർക്ക് പക്ഷേ, ലീഗിനെക്കുറിച്ച് ഒരു ചുക്കും അറിയില്ലെന്ന് മാത്രം. ലീഗ് ഉറങ്ങിക്കിടക്കുന്ന സിംഹമാണെന്നാണ് സി.എച്ച് മുമ്പ് പറഞ്ഞുവെച്ചത്. അതേ, അത് ഇപ്പോഴും ഉറങ്ങിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, ഉറങ്ങുമ്പോൾ വെറും ഉറക്കമാണെന്ന് ധരിക്കരുത്. ലീഗിനെ സംബന്ധിച്ചേടത്തോളം അത്യാവശ്യം വേണ്ട കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുണ്ട്. അത് ഏതെല്ലാമാണെന്ന് നോക്കാം.

ബിരിയാണിയും ലീഗും തമ്മിലുള്ള ബന്ധം സുപ്രസിദ്ധമാണ്. ലീഗ് സംസ്ഥാന കമ്മിറ്റി, പിരിയാതെ നീണ്ടുപോയപ്പോൾ രണ്ട് കോഴികൾ പങ്ക് വെക്കുന്ന ആശങ്കയാണ് ബി.എം ഗഫൂറിന്റെ പ്രസിദ്ധമായൊരു കാർട്ടൂണിന്റെ ഇതിവൃത്തം. മലബാർ വിദ്യാഭ്യാസ സമരം ജ്വലിച്ചുകൊണ്ടിരിക്കെ ഗംഭീരമായൊരു ബിരിയാണിയുത്സവം നടന്നു; ഇവിടെയല്ല, അങ്ങ് ദുബായിയിൽ. സംസ്ഥാന പ്രസിഡന്റ് മുതൽ താഴോട്ടുള്ള 80 നേതാക്കളാണ് പ്രസ്തുത ഉത്സവത്തിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്ന് പറന്നുപോയത്. പാർക്കാൻ നക്ഷത്ര ഹോട്ടലുകൾ, തിന്നാൻ ഗംഭീര സദ്യ, വൈകുന്നേരങ്ങളിൽ പ്രസംഗിക്കാൻ സച്ചാർ കമ്മിറ്റി റിപ്പോർട്ടും! ഈ കാലയളവിലാണ് ലീഗിന്റെ പോഷക സംഘടനയെന്ന് വിളിക്കാവുന്ന എസ്.കെ.എസ്.എസ്.എഫുകാർ നാഷ്നൽ ദഅ്‌വാ കോൺഫറൻസ് വിളിച്ചുകൂട്ടി ആർഭാട കല്യാണങ്ങൾ ശരിയല്ലെന്ന് ഗവേഷണം നടത്തി കണ്ടുപിടിച്ച് പത്രദ്വാരാ അത് ദീനീസ്നേഹികളെ അറിയിച്ചത്. ബഹുമാന്യനായ വി. മുഹമ്മദ് സാഹിബ് നമ്മെ വിട്ടുപിരിഞ്ഞതും ആർഭാട കല്യാണങ്ങൾക്കെതിരെ അദ്ദേഹം നടത്തിയ തീവ്രശ്രമങ്ങൾ ലീഗ് നേതാക്കളടക്കം അനുസ്മരിച്ചതും ഇതേ കാലത്തുതന്നെ. ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം ബിരിയാണി!

പുരുഷ ലീഗുകാർ അവരുടെ സംസ്കാരം ഉയർത്തിപ്പിടിക്കാൻ കടലിനക്കരെ പോയപ്പോൾ വനിതാ ലീഗുകാർ അത് കോഴിക്കോട്ടങ്ങാടിയിൽ തന്നെ നടപ്പാക്കി. അവരുടെ ജില്ലാ സമ്മേളനത്തിൽ സംസ്ഥാന നേതൃത്വവുമായുള്ള ചക്കളത്തിപ്പോര് കഴിഞ്ഞാൽ പിന്നെ ഗംഭീരമായി നടന്ന ഐറ്റം എന്തെന്നറിയേണ്ടേ; മൈലാഞ്ചി മത്സരം. ഈ സമുദായത്തിലെ ഏത് മൊഞ്ചത്തിക്കാണ് ഏറ്റവും നന്നായി മൈലാഞ്ചിയിടാൻ അറിയുക എന്നത് സമുദായത്തെ സംരക്ഷിക്കുമ്പോൾ നിർണായകമായൊരു വിഷയം തന്നെ! യൂത്ത് ലീഗുകാരും വെറുതെ നിന്നില്ല. സംസ്ഥാന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രീൻ ഹൗസ് കലാപരിപാടികൾ സാമാന്യം ഭംഗിയായി അവരും അവതരിപ്പിച്ചു. അതിനിടയിൽ സുഹൃത്തേ, മലബാറിലെ വിദ്യാഭ്യാസം പോലുള്ള നക്കാപ്പിച്ച കാര്യവുമായി നടക്കാൻ എവിടെ നേരം? പ്ലീസ്, വഴിമാറൂ, ഈ സിംഹമൊന്നുറങ്ങട്ടെ.

ദുബായിക്കല്യാണത്തിന്റെയും മൈലാഞ്ചി മത്സരത്തിന്റെയും തിരക്കിൽ പെട്ടത് മാത്രമല്ല, മലബാർ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപെടുന്നതിൽനിന്ന് ലീഗിനെ തടഞ്ഞത്. സംസ്ഥാനം രൂപീകരിക്കപ്പെട്ട് അമ്പതിൽ പരം വർഷമായെങ്കിൽ, അതിൽ 22 വർഷത്തിലേറെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തത് ഈ സിംഹക്കുട്ടികൾ തന്നെയായിരുന്നു. എന്നിട്ടുമെന്തേ മലബാറിലെ ജനങ്ങളോട് ഇവ്വിധം മര്യാദകേട് കാണിച്ചുവെന്ന് ആളുകൾ ചോദിച്ചാൽ, പറയാൻ മറുപടിയില്ല. അപ്പോൾ പിന്നെ മലബാർ വിദ്യാഭ്യാസവും പറഞ്ഞ് എങ്ങനെ സമരം ചെയ്യാൻ പറ്റും? നാട്ടുകാർ ഉണർന്നിരിക്കുന്ന സിംഹമാണെന്ന് ലീഗുകാർക്ക് ഇപ്പോൾ നന്നായറിയാം. ഏതായാലും 22 വർഷം തുടർച്ചയായി ഉറങ്ങാൻ കഴിയുന്ന സിംഹമാണിതെന്ന് സി.എച്ച് പോലും കരുതിയിട്ടുണ്ടാവില്ല. വെള്ളംകോരികളും വിറകുവെട്ടികളുമായ ഒരു സമൂഹത്തെ വൈജ്ഞാനികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടുവരാൻ വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി ഇത്തരം പരിപാടികൾ നാം ഇനിയും ശക്തമായി മുന്നോട്ടു കൊണ്ടുപോവുന്നതാണ്. അതിന് സമുദായ സ്നേഹികളുടെ പിന്തുണയുണ്ടായിരിക്കണമെന്നു മാത്രം!

അല്ലെങ്കിലും പഠന-വൈജ്ഞാ

നിക-ഗവേഷണ മേഖലകളിൽ മുസ്‌ലിംകൾ പിന്നാക്കമാണെന്ന് ആരു പറഞ്ഞു? അങ്ങ് ഉത്തരേന്ത്യയിലിരിക്കുന്ന ആ സച്ചാറെന്തറിഞ്ഞിരിക്കുന്നു? ഇ.കെ വിഭാഗം എസ്.വൈ.എസ്സുകാർ നടത്തുന്ന *സുന്നി അഫ്കാർ* വാരിക (പുസ്തകം 16, ലക്കം 22, 2007 ജൂൺ) കണ്ടിരുന്നെങ്കിൽ കേരളത്തിലെ മുസ്‌ലിംകളെങ്കിലും ഗവേഷണരംഗത്ത് മുൻപന്തിയിലാണെന്ന് സച്ചാർ തന്റെ റിപ്പോർട്ടിൽ എഴുതിച്ചേർത്തേനേ! ഗവേഷണം എന്തെന്നല്ലേ; സ്ത്രീധനത്തിന്റെ സകാത്ത് എത്ര, എങ്ങനെ? എം.എ ജലീൽ സഖാഫി പുല്ലാര നടത്തുന്ന ഗവേഷണത്തിനൊടുവിൽ കണ്ടെത്തുന്ന നിഗമനങ്ങൾ ഇങ്ങനെ:

*ചുരുക്കത്തിൽ, ഇന്ന് ഒരാൾ തന്റെ മകൾക്ക് സ്ത്രീധനമായി നൂറോ നൂറ്റി അമ്പതോ പവൻ സ്വർണാഭരണം നൽകിയാൽ അതൊന്നും സകാത്തു നിർബന്ധമാകുന്ന പരിധിയിലെത്തുന്നില്ല. ഹലാലായ ആഭരണങ്ങൾ വീട്ടിൽ സൂക്ഷിച്ചാലും ബാങ്കിൽ സൂക്ഷിച്ചാലും സകാത്തു നിർബന്ധമില്ല (തുഹ്ഫ 3/273 കാണുക).*

*ശാഫിഈ മദ്ഹബ് അംഗീകരിക്കുന്നു എന്ന വാദം ഉന്നയിച്ച് ശാഫിഈ മദ്ഹബിലെ ഇമാമുകൾ തള്ളിയ തെളിവുകൾ ഏറ്റി നടന്ന് സ്ത്രീധനത്തിനും സകാത്തു നിർബന്ധമാക്കുന്നവർ മതത്തിനു നേരെ കയ്യേറ്റം നടത്തുന്നവരാണ്...*

*സ്ത്രീധന തുകയായി ഒരു ലക്ഷവും കാറും പറമ്പുമായി വരന് അമ്മോശൻ നൽകുമ്പോൾ അതിൽ സകാത്തുണ്ടോ എന്ന് പരിശോധിക്കാം.*

*നമ്മുടെ മദ്ഹബിൽ കച്ചവടത്തിന്റെ പേരിലല്ലാതെ ധനങ്ങളിൽ ആകെ എട്ടിനങ്ങളിൽ മാത്രമേ സകാത്ത് നിർബന്ധമുള്ളൂ. സ്വർണം, വെള്ളി, ആട്, മാട്, ഒട്ടകം, ധാന്യം, കാരക്ക, മുന്തിരി എന്നിവയാണത്. കാറിനും പറമ്പിനുമൊന്നും സകാത്ത് നിർബന്ധമില്ലെന്ന് മുകളിൽ പറഞ്ഞതിൽനിന്ന് വ്യക്തമായല്ലോ.*

*സ്ത്രീധന തുക ആരുടേതാണ് എന്നതിലാണ് പ്രശ്നം. അതു സ്ത്രീക്ക് കിട്ടാനുള്ള സംഖ്യയാണോ? അല്ലെന്നാണ് മനസ്സിലാകുന്നത്. കാരണം, വിവാഹം നടത്തുന്ന സമയത്ത് ഇടക്കാലത്ത് വേർപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെയല്ലാത്തതിനാൽ വിവാഹത്തോടനുബന്ധിച്ച് നിശ്ചയിക്കുന്ന സ്ത്രീധനത്തുകയുടെ അവകാശം ഭർത്താവിനു നൽകലോടെ അവനു ലഭിക്കുന്നു. അവൻ മരണപ്പെട്ടാൽ അതു ഭാര്യക്കോ ഭാര്യാവീട്ടുകാർക്കോ കിട്ടാറുമില്ല. ഈ വിധത്തിലുള്ള സ്ത്രീധനത്തിന്റെ സകാത്ത് ഭാര്യക്ക് നിർബന്ധമാകുന്നില്ല. കാരണം അവർക്ക് സംഖ്യ കിട്ടുന്നില്ല. എന്നാൽ പ്രസ്തുത തുക ഭർത്താവ് ഒരു വർഷം സൂക്ഷിച്ചുവെക്കുന്നില്ല. അതുകൊണ്ട് സകാത്ത് നിർബന്ധമാകുന്ന സംഖ്യ അവന്റെയടുത്തും ഇല്ലാത്തതിനാൽ അവനും സ്ത്രീധനത്തിന് സകാത്തു നൽകേണ്ടതില്ല...*

*സ്ത്രീധന സമ്പ്രദായത്തിൽ സകാത്തു നിർബന്ധമായി കിടക്കുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണെന്ന് സ്പഷ്ടമായല്ലോ.*

സ്പഷ്ടമായില്ലേ? ലീഗിന് സൈദ്ധാന്തിക അടിത്തറ ഒരുക്കുന്ന ഇ.കെ സുന്നികളാണ് പറയുന്നത്. അതിനാൽ ദുബായിക്കല്യാണത്തിന് വിമാനത്തിൽ പോകരുതെന്നും വനിതാ സമ്മേളനത്തിൽ മൈലാഞ്ചി മത്സരം നടത്തരുതെന്നും മലബാറിലെ വിദ്യാഭ്യാസ പുരോഗതിക്ക് പ്രയത്നിക്കണമെന്നും *തുഹ്ഫയിൽ* പറഞ്ഞിട്ടില്ലാത്തതിനാൽ നമ്മുടെ സമുദായത്തിലെ അംഗങ്ങൾ ഈ സിംഹത്തോടൊപ്പം ഉറങ്ങിക്കിടക്കണമെന്ന് ഇതിനാൽ മുശാവറ കൂടി വിളംബരപ്പെടുത്തുന്നു. സ്പഷ്ടമായല്ലോ?

contactseethi@yahoo.co.in